File No: IGR/6006/2020-RR9

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസ്,
വഞ്ചിയൂർ, തിരുവനന്തപുരം. 695035
ഫോൺ 0471-2472118/2472110/2474782
ഇ-മെയിൽ: regig@kerala.nic.in
www.keralaregistration.gov.in
തീയതി : 24/11/2020

## സർക്കുലർ

വിഷയം :- രജിസ്ട്രേഷൻ വകുപ്പ് – റിഫോംസ് & റിവ്യൂ സെക്ഷൻ – ദത്തെടുത്ത കുട്ടികളുടെ പേർക്കുള്ള ആധാരത്തിന്റെ മുദ്രവില – കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കുലർ നൽകുന്നത് – സംബന്ധിച്ച്.

പരാമർശം :- കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 12.10.2020-ലെ സി.ആർ.എം.പി. നമ്പർ: 43/10/C2/2020/KeSCPCR നമ്പർ ഉത്തരവ്.

2016-ലെ രണ്ടാം നമ്പർ ആക്ടായ 2015-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൺ) ആക്ടിലെ വകുപ്പ് 63 പ്രകാരം ദത്ത് നടപടികൾ പൂർത്തിയായി കോടതി ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാൽ ദത്തെടുക്കപ്പെട്ട കുട്ടികൾക്ക് ജീവശാസ്ത്രപരമായി ജനിച്ച കുട്ടികൾക്കുള്ള എല്ലാ അവകാശങ്ങളും ഉള്ളതും അവർ എല്ലാ അർത്ഥത്തിലും രക്ഷിതാക്കൾക്ക് സ്വാഭാവികമായി പിറന്ന കുട്ടികൾ തന്നെയായി കണക്കാക്കേണ്ടതുമാണ്. 2018-ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം 1959-ലെ കേരള മുദ്രപത്ര ആക്ടിൽ വരുത്തിയ ഭേദഗതി പ്രകാരം പ്രസ്തുത ആക്ടിലെ വകുപ്പ് 2(fb)-ൽ കുടുംബം (family) എന്ന നിർവചനത്തിൽ "adopted son", "adopted daughter" എന്നീ ബന്ധങ്ങൾ കൂടി ഉൾപ്പെടുത്തുകയുണ്ടായി. അത് പ്രകാരം മറ്റ് കുടുംബാംഗങ്ങൾക്ക് മുദ്രവിലയിൽ ലഭിക്കുന്ന ആനുകൂല്യം ഭാഗപത്രം , ദാനം, ഒഴിവുകുറി, ധനനിശ്ചയം എന്നീ ആധാരങ്ങളിൽ നിയമാനുസൃതം ദത്തെടുത്ത കുട്ടികൾക്കും ലഭിക്കുന്നുണ്ട്.

2. മേൽ സാഹചര്യത്തിൽ ദത്തെടുത്ത കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ബഹു. കമ്മീഷന്റെ പരാമർശ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ രജിസ്റ്ററിംഗ് ഓഫീസർമാർക്കും താഴെ പറയുന്ന നിർദേശം നൽകുന്നു:

3. ദത്തെടുത്ത കുട്ടികൾക്ക് മറ്റ് സ്വാഭാവികമായി പിറന്ന കുട്ടികൾക്ക് ലഭിക്കുന്ന കുറഞ്ഞ മുദ്രവിലയുടെ ആനുകൂല്യം ഭാഗപത്രം, ദാനം, ഒഴിവുകുറി, ധനനിശ്ചയം എന്നീ ആധാരങ്ങൾക്ക് 2018 ഏപ്രിൽ 1 മുതൽ ലഭിക്കുന്നു എന്നതിനാൽ യാതൊരു കാരണവശാലും മേൽ വ്യവസ്ഥയ്ക്ക്

വിരുദ്ധമായ മുദ്രവില ഈടാക്കാൻ പാടില്ലാത്തതും ടി വ്യവസ്ഥ കൃത്യമായി പാലിക്കേണ്ടതുമാണ്.

4. ബഹു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 12.10.2020-ലെ സി.ആർ.എം.പി. നമ്പർ: 43/10/C2/2020/KeSCPCR നമ്പർ ഉത്തരവ് ഇതിനാൽ പാലിച്ചിരിക്കുന്നു.

Signature valid
Digitally signed by P K SAJANKUMAR
Date: 2020.11.24 12:19:35 IST
Reason: Approved

**P. K. SAJANKUMAR**

**രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ (ഇൻ-ചാർജ്ജ്)**

1. എല്ലാ രജിസ്ട്രേഷൻ ഡി.ഐ.ജി.മാർക്കും
2. എല്ലാ ജില്ലാ രജിസ്ട്രാർമാർക്കും
3. എല്ലാ സബ് രജിസ്ട്രാർമാർക്കും

പകർപ്പ്:-

1. പ്രിൻസിപ്പൽ സെക്രട്ടറി, നികുതി (ജെ) വകുപ്പ് (ആ.മു.ക.സഹിതം)
2. രജിസ്ട്രാർ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ (ആ.മു.ക.സഹിതം)